പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2350

23.3.2012 ൽ
മറുപടിയ്ക്ക്

**പ്രമുഖ ഐ.ടി. കമ്പനികളുടെ ഹബ്ബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ ; | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) ടെക്നോപാർക്കുകളിലെ നിലവിലുള്ള പ്രമുഖ ഐ.ടി. കമ്പനികളുടെ ഹബ്ബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള പരിശ്രമമുണ്ടാകുമോ ; | എ) സംസ്ഥാനത്തെ മൂന്ന് ഐ.ടി. ഹബ്ബുകളിൽ ഒന്നായ തിരുവനന്തപുരം ടെക്നോപാർക്കിന്റെ സ്പോക്കായി ആരംഭിക്കുന്ന കൊല്ലം കുണ്ടറ ടെക്നോപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉടൻതന്നെ പ്രവർത്തിച്ചുതുടങ്ങുന്നതാണ്. ടെക്നോപാർക്കിലെ പ്രമുഖ ഐ.ടി. കമ്പനികൾ ഇപ്പോൾ ഹബ്ബുകളായി പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ കമ്പനികളുടെ വികസന പ്രവർത്തനങ്ങൾ സ്പോക്കുകളിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. |
| ബി) നിലവിലുള്ള ഐ.ടി. തൊഴിൽ സാദ്ധ്യതകളുമായി ബന്ധപ്പെടുത്തി സർക്കാർ അംഗീകൃത ഐ.ടി. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ ? | ബി) കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും മോഡൽ ഫിനിഷിംഗ് സ്കൂളുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ ഐ.ടി. വകുപ്പിന് കീഴിൽ IHRD/KSITIL ന്റെ സഹകരണത്തോടെ കോളേജ് അധ്യാപകർക്ക് വ്യക്തിത്വ വികസനത്തിന്റെ വിവിധ മേഖലകളിൽ പ്രാവീണ്യം നൽകുന്നതിന് വേണ്ടി ഒരു സ്ഥാപനം തിരുവനന്തപുരത്ത് നിലവിൽ വരുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ IIITM-K എന്ന സ്ഥാപനത്തെ ലോകോത്തരനിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതിനായി പൂർണ്ണസജ്ജമായ കാമ്പസ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ഇവിടെ M.Tech, PhD കോഴ്സുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ